"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം
(ഹാജർ: എസ്.വാഹിദ്)

എ3/11058/11

തൈക്കാട് തിരുവനന്തപുരം-14,
തീയതി:13/03/2013

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 25% ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്

പരാമർശം:- 1. ജി.ഒ.(പി) നം.85/2011/ഫിൻ തീയതി:26.02.2011.
2. എ3/11058/11-ാം നമ്പർ 03.07.12-ലെ ഉത്തരവ്.
3. എ3/5350/11-ാം നമ്പർ 09.10.12, 02.11.12, 14.12.12 തീയതികളിലെ ഉത്തരവുകൾ.

---

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിലെ 25% തസ്തികകൾ 18740-33680 രൂപാ ശമ്പള സ്കെയിലിൽ ഹയർ ഗ്രേഡ് തസ്തികകളാക്കി ഉത്തരവായിരുന്നു. ഇതിൻ പ്രകാരം വകുപ്പിൽ ആകെ അനുവദിച്ചിരുന്ന 82 ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ 20 പേർക്ക് ഹയർഗ്രേഡിന് അർഹതയുണ്ടായിരുന്നു. ഇപ്രകാരം അവസാനമായി ഹയർഗ്രേഡ് അനുവദിച്ചത് പരാമർശം(2)-ലെ ഉത്തരവ് പ്രകാരം ശ്രീമതി.പി.ഇന്ദിര, ശ്രീ.കെ.കെ.പി. മോഹനൻ എന്നിവർക്കാണ്. ടിയാൾക്കാർക്ക് 03.07.12 തീയതി മുതൽ പ്രാബല്യത്തിലാണ് ഹയർഗ്രേഡ് അനുവദിച്ചത്. എന്നാൽ ടി ഉത്തരവ് പുറപ്പെടുവിച്ച സമയത്തുതന്നെ വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഹയർഗ്രേഡ് ആനുകൂല്യം ലഭിച്ച 20 ഉദ്യോഗസ്ഥർ സേവനത്തിൽ ഉണ്ടായിരുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്കാരുടെ ഹയർഗ്രേഡ് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ താഴെപ്പറയുന്ന രീതിയിൽ മാറ്റം വരുത്തി ഉത്തരവാകുന്നു.

| ക്രമ നം. | സീനിയോരിറ്റി ക്രമ നം. | പേര്, സ്ഥാപനം | ഹയർ ഗ്രേഡ് പ്രാബല്യത്തിൽ വരുന്ന തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| 1. | 101 | പി.ഇന്ദിര,<br>ഐ.ടി.ഐ. മലമ്പുഴ | 18.09.12 | പുതിയ ഐ.ടി.ഐ.കൾ പ്രവർത്തനം ആരംഭിച്ചത് |
| 2. | 102 | കെ.കെ.പി.മോഹനൻ<br>ഐ.ടി.ഐ. പെരിങ്ങം | 08.11.12 | ശ്രീമതി.രതീദേവിയുടെ സ്ഥാനക്കയറ്റം |

കൂടാതെ വകുപ്പിൽ ഹയർഗ്രേഡ് ആനുകൂല്യം ലഭിച്ചിരുന്ന ശ്രീ.പി.സി.സതീശൻ, ശ്രീമതി.എസ്.പ്രീത, ശ്രീമതി.എൽ.സുമ എന്നീ ജൂനിയർ സൂപ്രണ്ടുമാർക്ക് പരാമർശം (3)-ലെ ഉത്തരവുകൾ പ്രകാരം സീനിയർ സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം ലഭിച്ചതിനാലും, ശ്രീ. ആർ.ഭുവനചന്ദ്രൻ 31.01.13-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാലും ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട താഴെപ്പറയുന്ന 4 ജൂനിയർ സൂപ്രണ്ടുമാർക്ക് ടിയാൾക്കാരുടെ പേരിന് നേരെ ചേർത്തിരിയ്ക്കുന്ന തീയതി പ്രാബല്യത്തിൽ 18740-33680 രൂപാ ശമ്പള സ്കെയിലിൽ ഹയർഗ്രേഡ് അനുവദിച്ചും ഇപ്രകാരം

മറുപുറം

വകുപ്പിൽ 25% ഹയർഗ്രേഡ് ആനുകൂല്യം ലഭിയ്ക്കുന്ന ജൂനിയർ സൂപ്രണ്ടുമാരുടെ എണ്ണം ആകെയുള്ള 85 ജൂനിയർ സൂപ്രണ്ട് തസ്തികകളുടെ 25% ആയ 21 ആയി ക്രമീകരിച്ചും ഉത്തരവാകുന്നു.

| ക്രമ നം. | സീനിയോരിറ്റി ക്രമ നം. | പേര്, സ്ഥാപനം | ഹയർഗ്രേഡ് പ്രാബല്യത്തിൽ വരുന്ന തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| 1. | 104 | പി.കെ.ഹരികൃഷ്ണൻ ഐ.ടി.ഐ. മാടായി | 09.11.12 | ശ്രീ.പി.സി.സതീശന്റെ സ്ഥാനക്കയറ്റം |
| 2. | 105 | ആർ.ഭുവനചന്ദ്രൻ, ഐ.ടി.ഐ.ധനുവച്ചപുരം (റിട്ടയേർഡ്) | 10.11.12 | ശ്രീമതി. എസ്.പ്രീതയുടെ സ്ഥാനക്കയറ്റം |
| 3. | 106 | എസ്.ഷൈലജ, ഡയറക്ടറേറ്റ് | 17.12.12 | ശ്രീമതി.എൽ. സുമയുടെ സ്ഥാനക്കയറ്റം |
| 4. | 107 | ബി.ഉണ്ണികൃഷ്ണപിളള ഐ.ടി.ഐ. തേവലക്കര | 01.02.13 | ശ്രീ.ആർ.ഭുവനചന്ദ്രൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ |

ശ്രീമതി.പി.ഇന്ദിര, ശ്രീ. കെ.കെ.പി.മോഹനൻ എന്നീ ജൂനിയർ സൂപ്രണ്ടുമാർ അധികമായി തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതും വിവരം ഈ കാര്യാലയത്തെ അറിയിക്കേണ്ടതുമാണ്.

ഒപ്പ്/-
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:- 1. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ.
2. ബി5, എ7 സെക്ഷനുകൾ.
3. എസ്.എഫ് (എ3).

// ഉത്തരവിൻ പ്രകാരം //

സീനിയർ സൂപ്രണ്ട്.